## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*70. 25.01.2018 ൽ മറുപടിയ്ക്ക്

### വ്യാജമദ്യത്തിന്റെയും, മയക്കമരുന്നിന്റെയും വ്യാപനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് വ്യാജ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും വ്യാപനം അപകടകരമാംവിധം വർദ്ധിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല ലഹരി വസ്തുക്കളുടെ ഉപയോഗം അപകടകരമാം വിധം വ്യാപിക്കാതിരിക്കാനുള്ള കർശനമായ നടപടികൾ എക്സൈസ് വകുപ്പ് വഴി ഗവൺമെന്റ് സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടോ; | (സി) | വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും മദ്യത്തിന്റെയും മയക്ക് മരുന്നിന്റെയും ഉപയോഗം വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. യുവാക്കളെയും വിദ്യാർത്ഥികളെയും ഇത്തരം പ്രവണതകളിൽ നിന്നും പിൻതിരിപ്പിക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തിവരുന്നു. |
| (ഡി) | 2017-ൽ വിവിധ റെയ്ഡുകളിൽ പിടിച്ചെടുത്ത മയക്കമരുന്നിന്റെയും രജിസ്റ്റർ ചെയ്ത കേസുകളുടെയും എണ്ണത്തിലുള്ള വർദ്ധനവ്, സംസ്ഥാനത്ത് അന്തർദേശീയ മയക്കമരുന്ന് ലോബി പ്രവർത്തിക്കുന്നു എന്നതിന്റെ സൂചനയാണോ ; | (ഡി) | സംസ്ഥാനത്ത് അന്തർദേശീയ മയക്ക് മരുന്ന് ലോബി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | പുതിയ മദ്യനയത്തിന്റെ ഭാഗമായി, അടച്ചിട്ടിരുന്ന ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടും മയക്കുമരുന്നിന്റെ വ്യാപനം ഭീതിജനകമായ രീതിയിൽ വർദ്ധിക്കുന്നത് എന്തുകൊണ്ടെന്ന കാര്യത്തിൽ പരിശോധന നടത്തുമോ? | (ഇ) | പുതിയ മദ്യനയത്തെ തുടർന്ന് മയക്ക് മരുന്ന് വ്യാപനം മുൻകാലത്തെ അപേക്ഷിച്ച് വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**